/59220/2022

"ഭരണഭാഷ-മാതൃഭാഷ"

No. DWCD/1217/2022-ICDSA6

വനിത ശിശുവികസന
ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 17-09-2022
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ല വനിതാ ശിശു വികസന ഓഫിസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- സൈക്കോസോഷ്യൽ പദ്ധതി- സ്കൂൾ കൌൺസിലർമാരുടെ ജില്ലാതല അവലോകന യോഗം നടത്തുന്നത് - മാർഗനിർദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്:-

സൂചന:- 1. 04.08.2022 ലെ വർക്കിംഗ് ഗ്രൂപ്പ് തീരുമാനം.

സംസ്ഥാനത്ത് സൈക്കോസോഷ്യൽ പദ്ധതിയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന സൈക്കോസോഷ്യൽ സ്കൂൾ കൌൺസിലർമാരുടെ ഏകദിന ജില്ലാതല ത്രൈമാസ അവലോകന യോഗം ജില്ലാതലത്തിൽ സംഘടിപ്പിക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ, പ്രൊപ്പോസൽ സർക്കാർ അംഗീകാരത്തിനു നൽകുകയും, സൂചന പ്രകാരം അനുമതി ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ഒരു യോഗം സംഘടിപ്പിക്കുന്നതിനു ഒരു ജില്ലയ്ക്കു ഹാൾ വാടക ഇനത്തിൽ 2500/- രൂപയും, ജില്ലയിലെ കൌൺസിലർമാരുടെ എണ്ണത്തിന് അനുസരിച്ച് ഭക്ഷണത്തിനായി ഒരു കൌൺസിലർക്ക് 150 രൂപ എന്ന രീതിയിലും തുക വകയിരുത്തിയിട്ടുണ്ട്. ആദ്യ ക്വാർട്ടർ കഴിഞ്ഞ സാഹചര്യത്തിൽ, രണ്ടാം ക്വാർട്ടറിലെ യോഗം സെപ്റ്റംബർ 30 നു മുൻപ് നടത്തേണ്ടതാണ് .

മേൽ സാഹചര്യത്തിൽ ജില്ലാതല അവലോകന യോഗം സംഘടിപ്പിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ ഇതോടൊപ്പം നൽകുന്നു. എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫിസർമാരും ബന്ധപ്പെട്ട പ്രോഗ്രാം ഓഫിസർ, ജില്ലാ ശിശുസംരക്ഷണ ഓഫീസർ എന്നിവരുടെ സഹകരണത്തോടെ റിവ്യൂ മീറ്റിംഗ് സംഘടിപ്പിക്കുകയും ത്രൈമാസറിപ്പോർട്ട് 5 ദിവസത്തിനകം ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്. തുക അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് ജില്ലകൾക്ക് തുക അനുവദിക്കുന്നതാണ് എന്നറിയിക്കുന്നു.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർ

<u>പകർപ്പ്</u>
എല്ലാ പ്രോഗ്രാം ഓഫിസർമാർക്കും,
എല്ലാ ജില്ലാ ശിശുസംരക്ഷണ ഓഫിസർമാർക്കും.

Signed by Priyanka G
Date: 17-09-2022 12:11:14

**<u>സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർമാരുടെ ത്രൈമാസ അവലോകനയോഗം നടത്തുന്നത് സംബന്ധിച്ച മാർഗനിർദേശങ്ങൾ</u>**

1. യോഗം പാദവാർഷിക അടിസ്ഥാനത്തിൽ നടത്തേണ്ടതാണ്. രണ്ടാമത്തെ ആഴ്ച ഇതിനായി തെരഞ്ഞെടുക്കുന്നത് ഉചിതമായിരിക്കും. ജില്ലാ ആസ്ഥാനത്തു സൗകര്യപ്രദമായ സ്ഥലത്ത് യോഗം സംഘടിപ്പിക്കാവുന്നതാണ്.

2. ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ അനുവാദത്തോടെ തീയതി, സ്ഥലം എന്നിവ നിശ്ചയിച്ച ജില്ലാ ശിശു സംരക്ഷണ ഓഫിസർ ആണ് യോഗം വിളിച്ച് ചേർക്കേണ്ടത്.

3. ജില്ലാ വനിതാ ശിശു വികസന ഓഫീസർ അധ്യക്ഷതവഹിക്കുന്ന യോഗത്തിൽ പ്രോഗ്രാം ഓഫീസർ ഉപാധ്യക്ഷ ആയിരിക്കും.

4. മീറ്റിങ്ങിലെ ഒരു സെഷൻ (കുറഞ്ഞത് 1 മണിക്കൂർ ) തുടർ വിദ്യഭ്യാസ പ്രക്രിയ എന്ന രീതിയിൽ വിദഗ്ധരെ കൊണ്ട് വിഷയാവതരണം നടത്തേണ്ടതാണ്. ചുവടെ ചേർക്കുന്ന വിഷയങ്ങൾ ഉൾപ്പെടുത്താവുന്നതാണ്.

(1) Counseling approaches for children
(2) Refresher training on counseling skills
(3) The relationship skill workshop
(4) Mental health issues
(5) Dealing with stigma and discrimination.
(6) Adherence Counselling
(7) Stress management and team building
(8) Grief Counselling
(9) Crisis Intervention
(10) Solution Focus Behaviour Therapy
(11) Case study
(12) Community Programme
(13) How to write a counseling report

5. അവലോകനം നടത്തേണ്ട വിഷയങ്ങൾ

1. ICDS മായി ബന്ധപ്പെട്ട വിഷയങ്ങൾ
2. കൗൺസിലർമാരുടെ ക്രോഡീകരിച്ച പ്രതിമാസ റിപ്പോർട്ട്
3. സേവനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം
4. സേവനത്തിന്റെ ഗുണനിലവാരം
5. കൗൺസിലർമാർ നടത്തിയ പ്രത്യേക ഇടപെടലുകൾ/ പ്രവർത്തനങ്ങൾ
6. പാരന്റിംഗ് ക്ലിനിക് സേവനങ്ങൾ
7. പരിഹരിച്ച case കളുടെ എണ്ണം
8. പോക്സോ കേസുകളുമായി ബന്ധപ്പെട്ട നിർഭയ സെൽ മുഖേന നിർദേശിച്ചിട്ടുള്ള സേവനങ്ങൾ
9. അഡോളസെന്റ് ആരോഗ്യ പ്രശ്നങ്ങളുമായി (Anaemia, menstrual Hygiene etc) ബന്ധപ്പെട്ട നടത്തിയ ഇടപെടലുകൾ
10. വർണ്ണക്കൂട്ടുമായി ബന്ധപ്പെട്ട സ്കൂൾ കൗൺസിലർമാരുടെ പ്രവർത്തനങ്ങൾ/

പങ്കാളിത്തം.

11. കുട്ടികളിലെ developmental delay യുമായി ബന്ധപ്പെട്ട ആരോഗ്യ വകുപ്പിലേയ്ക്ക് റെഫർ ചെയ്യുന്നതു സംബധിച്ച പ്രവർത്തനങ്ങൾ

12. കൗൺസിലർമാരുടെ ഹാജർ

13. അങ്കണവാടി മുഖേനയുള്ള പ്രവർത്തനങ്ങൾ

14. പദ്ധതി നടത്തിപ്പിലെ വെല്ലുവിളികളും, പരിഹാര മാർഗങ്ങളും

15. ഡയറക്ടറേറ്റിൽ നിന്നുള്ള മറ്റു നിർദ്ദേശങ്ങൾ

വനിതാ ശിശുവികസന ഡയറക്ടർ

17-09-2022

Signed by Priyanka G
Date: 17-09-2022 12:10:50